# എല്ലാം ആചാര്യവൈഭവം.......

1914 ഒക്ടോബർ 31-ന് സ്ഥാപിക്കപ്പെട്ടതും തിരുവിതാംകൂർ കമ്പനിനിയമപ്രകാരം 1925 ജൂൺ 30-ന് 12-ാം നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ടതുമായ സംഘടനയാണ് നായർ സർവീസ് സൊസൈറ്റി. സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസരംഗത്ത് നായർസമുദായത്തിന് മാത്രമല്ല, ദേശീയക്ഷേമത്തെ ലക്ഷ്യമിട്ടും സമൂഹത്തിന് ഗുണകരമായ പ്രവർത്തനം ചെയ്യുന്നതിനും വേണ്ടി 108 വർഷങ്ങളായി ഈ സംഘടന നിരന്തരം പ്രവർത്തിച്ചുവരുകയാണ്. കേരളം മാത്രമാണ് സംഘടനയുടെ പ്രവർത്തനപരിധി.

ശ്രീ മന്നത്തുപത്മനാഭൻ ജന്മം നല്കി, പരിരക്ഷിച്ചുപോന്ന ഈ സംഘടനയ്ക്ക് വിദ്യാഭ്യാസമേഖലയിലും ആതുരസേവനരംഗത്തും നിരവധി വിദ്യാലയങ്ങളും കലാലയങ്ങളും ആതുരാലയങ്ങളും സ്ഥാപിച്ച് ജനോപകാരപ്രദമായ പ്രവർത്തനം കാഴ്ചവെക്കാൻ കഴിയുന്നുണ്ട്. സംഘടനയ്ക്ക് രാഷ്ട്രീയമില്ല. എങ്കിലും സമൂഹനന്മയ്ക്കായുള്ള നിലപാടുകൾ എടുക്കുന്നതിനും അതിൽ ഉറച്ചുനിന്നു പ്രവർത്തിക്കുന്നതിനും എന്നും കഴിയുന്നുണ്ട്.

നായർ സർവീസ് സൊസൈറ്റിയിൽ അംഗങ്ങളായിട്ടുള്ളത് കേരളത്തിനകത്തുള്ള എൻ.എസ്.എസ്.കരയോഗങ്ങളും വ്യക്തിമെമ്പർമാരും മാത്രമാണ്. കേരളത്തിനു പുറത്ത് സ്ഥാപിതമായിട്ടുള്ള നായർസംഘടനകൾക്ക് ഇതിൽ അംഗമാകാൻ നിയമപ്രകാരം സാധിക്കുകയില്ല. എങ്കിലും നായർ സമുദായത്തെ പൊതുവെ ബാധിക്കുന്ന വിഷയങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്താൻ സംഘടന എന്നും ശ്രമിക്കുന്നുണ്ട്.

സംഘടനയുടെ പ്രവർത്തനങ്ങളെ വിമർശിക്കുവാനും അപകീർത്തിപ്പെടുത്തുവാനുമുള്ള ശ്രമങ്ങൾ ചില കോണുകളിൽനിന്നും നിരന്തരമായി ഉണ്ടായിക്കാണുന്നുണ്ട്. അതിന്റെ കാരണം മറ്റൊന്നല്ല, സംഘടനയെപ്പറ്റിയുള്ള അവരുടെ അജ്ഞതയും അതിന്റെ പ്രവർത്തനത്തെപ്പറ്റി അറിയാൻ ശ്രമിക്കാത്തതുമാണ്. അവരിൽ പലരും സംഘടനയിൽ അംഗങ്ങൾപോലുമല്ല എന്നതാണ് ഏറെ കൗതുകകരം. പക്ഷേ, ഈ എതിർപ്പുകളെല്ലാം ഇന്നോളം സംഘടനയ്ക്ക് ശക്തിപകർന്നിട്ടേയുള്ളൂ എന്ന സത്യം മനസ്സിലാക്കണം.

സർവീസ് സൊസൈറ്റിയുടെ ഭരണതലപ്പത്ത് സ്ഥാനമാനങ്ങളും ആനുകൂല്യങ്ങളും വേണ്ടുവോളം നേടിയശേഷം തങ്ങളുടേതായ കുറ്റം കൊണ്ട് സംഘടനയ്ക്ക് പുറത്തുപോകേണ്ടിവന്നവരുടെ എതിർപ്പുകളാണ് നാം പ്രധാനമായും ഇത്തരത്തിൽ നേരിട്ടുകൊണ്ടിരിക്കുന്നത്. അവരെല്ലാം ഇപ്പോഴും അറിയപ്പെട്ടുകൊണ്ടിരിക്കുന്നത് എൻ.എസ്.എസ്സിന്റെ മുൻ നേതാക്കൾ എന്ന പേരിലുമാണ്.

അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുക, ഏതുവിധേനയും സംഘടനയുടെ പ്രവർത്തനം തടയാൻ കോടതികളെ സമീപിക്കുക, നേതൃസ്ഥാനത്തുള്ളവരെ വ്യക്തിപരമായും അല്ലാതെയും നവസാമൂഹികമാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തുക, സമുദായാംഗങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുക തുടങ്ങിയുള്ള ഹീനമാർഗ്ഗങ്ങളാണ് അവർ ഉപയോഗിക്കുന്നത്.

സർവതും ത്യജിച്ച്, ഒരു പുരുഷായുസ്സു മുഴുവൻ കർമ്മനിരതമായ പ്രവർത്തനത്തിലൂടെ ശ്രീ മന്നത്തുപത്മനാഭൻ കെട്ടിപ്പടുത്തതും; നിബന്ധനകൾക്ക് വിധേയമായും സത്യസന്ധവും സുതാര്യവുമായ കണക്കുകൾ സൂക്ഷിച്ചും അവ യഥാവിധി കൃത്യസമയത്ത് യോഗങ്ങൾ വിളിച്ചുകൂട്ടി അംഗീകാരം നേടിയും സാമ്പത്തികനിയന്ത്രണത്തോടുകൂടിയും പ്രവർത്തിക്കുന്നതുമായ ഈ സംഘടനയെപ്പറ്റി സമുദായാംഗങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുവാൻ ആരുതന്നെ ശ്രമിച്ചാലും അത് വിലപ്പോവില്ല. അംഗങ്ങളുടെ കൂട്ടായ പ്രവർത്തനവും സഹകരണവും ആണ് അതിനുള്ള കാരണം.

നല്ലവരായ സമുദായസ്നേഹികളെ ഉൾക്കൊള്ളാനും ദുഷ്ടബുദ്ധികളായവരെ തിരിച്ചറിഞ്ഞ് അകറ്റിനിർത്താനും ഉള്ള ഒരു അദൃശ്യശക്തി സംഘടനയോടൊപ്പം എന്നുമുണ്ട്. അത് ശ്രീ മന്നത്തുപത്മനാഭന്റെ ആത്മാവാണ്. എല്ലാം ആചാര്യവൈഭവം.......